REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 12-05-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പശ്ചിമ ബംഗാളിൽ 'ആയുഷ്മാൻ ഭാരത്' നടപ്പാക്കാനെടുത്ത സംസ്ഥാന മന്ത്രിസഭയുടെ ആദ്യ തിരുമാനം പ്രധാനമന്ത്രി നരേന്ദ്രമോദി സ്വാഗതം ചെയ്തു.**
- **അസമിൽ ഹിമന്ദ ബിശ്വശർമ്മയുടെ നേതൃത്വത്തിൽ NDA ഗവണ്മന്റ് സത്യപ്രതിജ്ഞ ചെയ്തു.**
- **കേരള മുഖ്യമന്ത്രിയെ തീരുമാനിക്കാൻ കോൺഗ്രസ് ഹൈക്കമാന്റിന്റെ വിശാല യോഗം ന്യൂഡൽഹിയിൽ അല്പസമയത്തിനകം.**
- **CPIM നേതൃയോഗങ്ങൾക്ക് തിരുവനന്തപുരത്ത് തുടക്കം.**
- **കോഴിക്കോട്ടെ പ്രതീക്ഷ ഹോം അടക്കം മൂന്ന് ഭിന്നശേഷി സംരക്ഷണ കേന്ദ്രങ്ങളെ 'അൻപ് വീടുകളാക്കാൻ തീരുമാനം.**

## വാർത്തകൾ വിശദമായി

പശ്ചിമ ബംഗാളിൽ ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ സംരക്ഷണ പദ്ധതിയായ ആയുഷ്മാൻ ഭാരത് നടപ്പാക്കാനെടുത്ത മന്ത്രിസഭയുടെ ആദ്യ തിരുമാനത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി സ്വാഗതം ചെയ്തു.

പശ്ചിമ ബംഗാളിലെയും കേന്ദ്രത്തിലെയും ഇരട്ട എഞ്ചിൻ ഗവൺമെന്റ് സുപ്രധാന കേന്ദ്രപദ്ധതികൾ സംസ്ഥാനത്തെ ജനങ്ങൾക്ക് ഉറപ്പാക്കുമെന്ന് അദ്ദേഹം പറഞ്ഞു. BJP മുഖ്യമന്ത്രി സുവേന്ദു അധികാരിയുട ആദ്യ മന്ത്രസഭാ യോഗമാണ് ആയുഷ്മാൻ ഭാരത് പശ്ചിമബംഗാളിൽ നടപ്പാക്കാൻ തീരുമാനിച്ചത്.

ബംഗ്ലാദേശ് അതിർത്തിയിൽ വേലി നിർമ്മിക്കാൻ 45 ദിവസത്തിനകം അതിർത്തി രക്ഷാ സേനയ്ക്ക് സ്ഥലം അനുവദിക്കാനും മന്ത്രിസഭാ യോഗം തീരുമാനിച്ചിട്ടുണ്ട്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി അഞ്ച് രാജ്യങ്ങളിലെ ആറ് ദിവസത്തെ വിദേശയാത്ര വെള്ളിയാഴ്ച ആരംഭിക്കും. യുണൈറ്റഡ് അറബ് എമിറേറ്റ്സ്, നെതർലന്റ്സ്, സ്വീഡൻ, നോർവെ, ഇറ്റലി എന്നിവിടങ്ങളാണ് അദ്ദേഹം സന്ദർശിക്കുന്നത്. വെള്ളിയാഴ്ച UAE യിലെത്തുന്ന പ്രധാനമന്ത്രി, പ്രസിഡണ്ട് ഷെയ്ഖ് മുഹമ്മദ് ബിൻ സയേദ് അൽ നഹ്യാനുമായി കൂടിക്കാഴ്ച നടത്തും. തുടർന്ന് അന്നുതന്നെ അദ്ദേഹം നെതർലന്റ്സിലേക്ക് പോകും. പ്രധാനമന്ത്രിയുടെ UAE - യൂറോപ്യൻ രാജ്യ സന്ദർശനം വ്യാപാര- നിക്ഷേപ രംഗങ്ങളിൽ ഇന്ത്യയുടെ ബന്ധങ്ങൾ കൂടുതൽ ശക്തമാക്കുമെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു.

✪✪✪

അസമിൽ ഹിമന്ദ ബിശ്വശർമ്മയുടെ നേതൃത്വത്തിൽ NDA ഗവണ്മന്റ് സത്യപ്രതിജ്ഞ ചെയ്തു. ഗോഹട്ടിയിലെ ഘാനാപാഡ വെറ്ററിനറി കോളജ് ഗ്രൗണ്ടിലായിരുന്നു ചടങ്ങ്. തുടർച്ചയായി രണ്ടാം തവണയാണ് ഹിമന്ദ ഗവണ്മെന്റ് അസമിലെ ഭരണമേറ്റത്- NDA മൂന്നാം തവണയും.

✪✪✪

പുതുച്ചേരി മുഖ്യമന്ത്രിയായി എൻ രംഗസാമി നാളെ സത്യപ്രതിജ്ഞ ചെയ്യും. AI-NRC - യുടെ നേതൃത്വത്തിൽ N D A സഖ്യം നിയമസഭാ തിരഞ്ഞെടുപ്പിൽ മികച്ച വിജയം നേടിയിരുന്നു. അഞ്ചാം തവണയാണ് രംഗസാമി മുഖ്യമന്ത്രിയാകുന്നത്.

✪✪✪

കേരള മുഖ്യമന്ത്രിയെ തീരുമാനിക്കുന്നതിലെ ആശയക്കുഴപ്പങ്ങൾക്ക് അറുതിവരുത്താൻ കോൺഗ്രസ് ഹൈക്കമാന്റിന്റെ നേതൃത്വത്തിൽ ന്യൂഡൽഹിയിൽ അല്പസമയത്തിനകം വിശാലയോഗം ചേരും. സംസ്ഥാനത്തെ കോൺഗ്രസ് നേതൃത്വവുമായി മുതിർന്ന കേന്ദ്രനേതാക്കൾ ചർച്ച നടത്തിയതിനെ തുടർന്നാണ് ഇന്നത്തെ യോഗം.

മുൻ KPCC പ്രസിഡന്റുമാർ, വർക്കിംഗ് പ്രസിഡന്റ്മാർ, മുതിർന്ന കോൺഗ്രസ് നേതാക്കൾ തുടങ്ങിയവർ വിശാല യോഗത്തിൽ പങ്കെടുക്കും. മുതിർന്ന പാർട്ടി നേതാക്കളായ V.M സുധീരൻ, K മുരളീധരൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ തുടങ്ങിയവർ യോഗത്തിന് ഡൽഹിയിൽ എത്തിയിട്ടുണ്ട്.

ചർച്ച ഫലപ്രദമായാൽ ഇന്ന് രാത്രിയോ, നാളെയോടെയോ മുഖ്യമന്ത്രിയുടെ കാര്യത്തിൽ തീരുമാനമായേക്കും.

✪✪✪

മുഖ്യമന്ത്രിയെ തീരമാനിക്കുന്ന കാര്യത്തിൽ ഹൈക്കമാൻഡിൽ പൂർണ്ണ വിശ്വാസമുണ്ടെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. ലീഗ് പക്വമായ സഖ്യകക്ഷിയാണെന്നും മുഖ്യമന്ത്രിയുടെ കാര്യത്തിൽ അഭിപ്രായം നേരത്തെ ഹൈക്കമാൻഡിനെ അറിയിച്ചിട്ടുണ്ടെന്നും തിരുവഞ്ചൂർ ഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് മുഖ്യമന്ത്രിയെ  തീരുമാനിക്കുന്ന കാര്യത്തിൽ നില നിൽക്കുന്നത് അസാധാരണ സാഹചര്യമാണെന്ന് മുതിർന്ന കോൺഗ്രസ് നേതാവ്  MM ഹസൻ പറഞ്ഞു. പ്രഖ്യാപനം വൈകിയിട്ടില്ലെന്നും ഇനി വൈകാൻ പാടില്ലെന്നും അദ്ദേഹം ഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. മുഖ്യമന്ത്രി തെരഞ്ഞെടുപ്പിൽ മാനദണ്ഡങ്ങൾ പാലിക്കേണ്ടത് ഹൈക്കമാൻഡ് ആണെന്നും ഘടകകക്ഷികൾ അല്ലെന്നും  ഹസൻ വ്യക്തമാക്കി.

✪✪✪

കേരളത്തിൽ CPIM നേതൃയോഗങ്ങൾ ഇന്ന് തുടങ്ങും.  ഇന്ന് സെക്രട്ടേറിയറ്റും, നാളെയും മറ്റന്നാളും സംസ്ഥാന കമ്മിറ്റിയും ചേരും. പ്രതിപക്ഷ നേതാവിനെ യോഗം  തീരുമാനിക്കുമെന്നാണ് റിപ്പോർട്ട്. സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് തോൽവിയുടെ ഉത്തരവാദിത്തം മുഖ്യമന്ത്രി പിണറായി വിജയനാണെന്ന വിമർശം പല കോണുകളിൽ നിന്നും ഉയരുന്നുണ്ടെങ്കിലും, ഒരാളിൽ മാത്രമായി ഉത്തരവാദിത്തം ഏൽപ്പിക്കുന്നത് ശരിയല്ലെന്ന കാഴ്ചപ്പാടും പാർട്ടി നേതൃത്വത്തിനുണ്ട് എന്നാണ് നിരീക്ഷകരുടെ അഭിപ്രായം. ഈ മാസം 15 മുതൽ ഘട്ടങ്ങളായി പാർട്ടി ജില്ലാ നേതൃയോഗങ്ങളും വിളിക്കും.

CPI ജില്ലാ നേതൃയോഗങ്ങൾ മറ്റന്നാൾ ആരംഭിക്കും. 24 നകം പൂർത്തീകരിക്കും. CPI മത്സരിച്ച 25 സ്ഥലത്തെ മണ്ഡലം കമ്മിറ്റിയോഗങ്ങളും ഇതിനു പിന്നാലെ ചേരും.

✪✪✪

ഇന്ന് ലോക നഴ്സസ്  ദിനം. ലോകമെങ്ങും  നഴ്സുമാരുടെ സേവനങ്ങളെ ആദരിക്കുന്നതിനും ബഹുമാനിക്കുന്ന തിനുമാണ് ദിനാചരണം. ആധുനിക നഴ്സിംഗിന്റെ സ്ഥാപക ഫ്ലോറൻസ് നൈറ്റിംഗേലിന്റെ ജന്മദിനത്തിലാണ് ലോക നഴ്സിംഗ് ദിനം ആചരിക്കുന്നത്. 'നമ്മുടെ നഴ്സുമാർ, നമ്മുടെ ഭാവി, ജീവരക്ഷയ്ക്ക് ശാക്തീകരിച്ച നഴ്സുമാർ' എന്നതാണ് ഈ വർഷത്തെ

പ്രമേയം. ദിനാചരണത്തോട് അനുബന്ധിച്ച് ദേശീയ ഫ്ലോറൻസ് നൈറ്റിംഗേൽ പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് സമ്മാനിക്കും.

പ്രയാസം അനുഭവിക്കുന്നവർക്ക് പ്രത്യാശയുടെ നെടുംതൂണായി നിലകൊള്ളുന്ന നഴ്സുമാരെ ലോക നഴ്സസ് ദിനത്തിൽ കേന്ദ്രമന്ത്രി അമിത് ഷാ അഭിവാദ്യം ചെയ്തു. നഴ്സുമാരുടെ നിസ്വാർത്ഥമായ സേവനവും അചഞ്ചലമായ അർപ്പണബോധവുമാണ് ആരോഗ്യകരമായ ഭാരതത്തിന്റെ യഥാർത്ഥ അടിത്തറയെന്നും അവരെ ഓർത്തു രാജ്യം അഭിമാനിക്കുന്നുവെന്നും അമിത് ഷാ പറഞ്ഞു.

✪✪✪

കേരളത്തിൽ തപാൽ വകുപ്പ് തൃശൂർ, എറണാകുളം, ഇടുക്കി, ആലപ്പുഴ, കോട്ടയം ജില്ലകളിലെ സ്കൂളുകളിൽ ആധാർ എൻറോൾമെന്റിനും ബയോമെട്രിക് പുതുക്കുന്നതിനും പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കും. സ്കൂൾ കുട്ടികളുടെ ആധാറിലെ ബയോമെട്രിക് വിവരങ്ങൾ കാലാനുസൃതമായി പുതുക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്യാമ്പയിൻ. ആവശ്യക്കാർക്ക് ജനന തീയതി, വിലാസം തുടങ്ങിയ വിവരങ്ങളിൽ മാറ്റം വരുത്താനും പുതിയ ആധാറിന് അപേക്ഷിക്കാനും ജൂൺ 01-ന് ആരംഭിക്കുന്ന പദ്ധതി ആഗസ്റ്റ് 31 വരെ തുടരും.

✪✪✪

കേൾവിയുടെ സൗന്ദര്യ കാലമാണ് മനുഷ്യജീവിതത്തിലെ സൗഭാഗ്യമെന്ന് കവിയും നിരൂപകനും പ്രഭാഷകനുമായ കൽപ്പറ്റ നാരായണൻ പറഞ്ഞു. റേഡിയോ, ശബ്ദത്തിന്റെ മഹത്തായ സന്ദേശ മാധ്യമമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കോഴിക്കോട് ആകാശവാണി സംഘടിപ്പിച്ച ലെഗസി മിനി ലിറ്ററേച്ചർ ഫെസ്റ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആകാശവാണി തൊണ്ണൂറാം വാർഷിക ആഘോഷപരിപാടിയുടെയും 75 വർഷം പിന്നിട്ട കോഴിക്കോട് നിലയത്തിന്റെയും സംഭാവനകൾ അടയാളപ്പെടുത്തുന്നതിന്റെ ഭാഗമാണ് പരിപാടി.

എഴുത്തുകാരായ CV ബാലകൃഷ്ണൻ, KC നാരായണൻ, KV സജയ്, E. ജയകൃഷ്ണൻ, PP ശ്രീധരനുണ്ണി, KM നരേന്ദ്രൻ, ഗായകൻ VT മുരളി തുടങ്ങിയവർ മൂന്നു ദിവസങ്ങളിലായി വിവിധ സെഷനുകളിൽ പങ്കെടുക്കും. വ്യാഴാഴ്ച സമാപന സമ്മേളനത്തിൽ CV ബാലകൃഷ്ണനാണ് മുഖ്യാതിഥി.

✪✪✪

രക്ഷിതാക്കളില്ലാത്ത ഭിന്നശേഷിക്കാർക്ക് അഭയമേകാൻ കോഴിക്കോട്ടെ പ്രതീക്ഷ ഹോം അടക്കം മൂന്ന് സംരക്ഷണ കേന്ദ്രങ്ങൾ 'അൻപ് വീടുകളാക്കി മാറ്റാൻ തീരുമാനം.

തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട്

...........വോയ്സ്......

മാതാപിതാക്കൾക്ക് പരിചരണം നൽകാൻകഴിയാത്ത അവസരങ്ങളിലാണ് ഭിന്ന ശേഷിക്കാർക്ക് സംസ്ഥാന സാമൂഹ്യ നീതി വകുപ്പിന്റെ നേതൃത്വത്തിൽ അൻപ് വീടിലൂടെ സംരക്ഷണം നൽകുന്നത്.ആദ്യഘട്ടത്തിൽ മൂന്ന് സംരക്ഷണ കേന്ദ്രങ്ങളാവും തുടങ്ങുക.ഇതിന്റെ ഭാഗമായി ബൗദ്ധികവെല്ലുവിളി നേരിടുന്ന പുരുഷന്മാർക്കായി കോഴിക്കോട് പ്രവർത്തിക്കുന്ന പ്രതീക്ഷാഹോം അൻപ് വീടാക്കും.സ്ത്രീകൾക്കും പുരുഷന്മാർക്കുമായി രണ്ടു സ്ഥലത്തു കൂടി സംരക്ഷണകേന്ദ്രം തുടങ്ങാനാണ് സാമൂഹ്യ നീതി വകുപ്പിന്റെ ലക്ഷ്യം.

ഇതിനായി 39 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.ഓട്ടിസം, ബൗദ്ധിക ഭിന്നശേഷി, കിടപ്പുരോഗികളായ ഭിന്ന ശേഷിക്കാർ എന്നിവരെ ഒരാഴ്ച വരെ ഇവിടെ താമസിപ്പിക്കാം. ആവശ്യമായ സൗകര്യങ്ങളില്ലാത്ത വീടുകളിലെ ഭിന്നശേഷിക്കാരെ പകൽസമയം സംരക്ഷണകേന്ദ്രത്തിൽ പാർപ്പിക്കാം.

രക്ഷിതാക്കളുടെ മരണത്തിലൂടെ അനാഥരാകുന്നവർക്ക് പുനരധിവാസം നടപ്പാകുന്നതു വരെ ദീർഘകാല സംരക്ഷണവും നൽകും.സ്ഥാപനങ്ങളുടെ നടത്തിപ്പു ചുമതല ജില്ലാ സാമൂഹ്യ നീതി ഓഫീസർ അധ്യക്ഷനായ മാനേജ്മെന്റ് കമ്മിറ്റിക്കാണ്. പൊതുജനങ്ങളിൽ നിന്നുള്ള സംഭാവനയ്ക്കുപുറമേ സി.എസ്. ആർ. ഫണ്ടും പ്രവർത്തനത്തിനായി സമാഹരിക്കാം. ഒരു കേന്ദ്രത്തിൽ പരമാവധി 25 മുതൽ 30 വരെ ഭിന്നശേഷിക്കാർക്കാണ് പ്രവേശനം.

✪✪✪

ആകാശവാണി നാടകോത്സവത്തിന്റെ രണ്ടാം ദിവസമായ ഇന്ന് രാത്രി 9-30 ന് കോഴിക്കോട് നിലയം അവതരിപ്പിക്കുന്ന 'മടക്കം' എന്ന നാടകം പ്രക്ഷേപണം ചെയ്യും. C കൃഷ്ണകുമാർ എഴുതി സംവിധാനം ചെയ്യുന്ന നാടകത്തിൽ, അബ്ദുള്ള നന്മണ്ട, പ്രദീപ്ഗോപാൽ, എൽസി സുകുമാരൻ, PM ദീപ തുടങ്ങിയവരാണ് കഥാപാത്രങ്ങൾക്ക് ശബ്ദം നൽകുന്നത്. നാളെ ഉച്ചയ്ക്ക് ഒരു മണിയ്ക്ക് നാടകത്തിന്റെ പുനഃപ്രക്ഷേപണമുണ്ടായിരിക്കും.

✪✪✪

ആകാശവാണി 90-ാംവാർഷിക ആഘോഷങ്ങളുടെ ഭാഗമായി, തിരുവനന്തപുരം നിലയം, ചെമ്പൈ മെമ്മോറിയൽ ട്രസ്റ്റിന്റെ സഹകരണത്തോടെ ഇന്ന് സംഗീതകച്ചേരി സംഘടിപ്പിക്കും. ശ്രീവരാഹം ചെമ്പൈ മെമ്മോറിയൽ ഹാളിൽ വൈകിട്ട് ആറിനാണ് പരിപാടി.

✪✪✪

പ്രമുഖ വിനോദസഞ്ചാര കേന്ദ്രമായ മൂന്നാറിൽ ഇനി മുതൽ സഞ്ചാരികൾ പ്രവേശനത്തിന് ഫീസ് നൽകേണ്ടി വരും. പ്രവേശന കവാടങ്ങളിൽ ഹരിത ചെക്പോസ്റ്റുകൾ സ്ഥാപിച്ച് വാഹനങ്ങളിൽ നിന്ന് ഫീസ് ഈടാക്കാനാണ് മൂന്നാർ പഞ്ചായത്തിന്റെ നീക്കം.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ.

...........വോയ്സ്..........

മൂന്നാറിലെ പ്രധാന റോഡുകളായ അടിമാലി, ദേവികുളം, മറയൂർ എന്നിവിടങ്ങളിൽ ചെക്പോസ്റ്റുകൾ സ്ഥാപിക്കാനാണ് പദ്ധതി. വിനോദസഞ്ചാരികൾ തള്ളുന്ന മാലിന്യം സംസ്കരിക്കുന്നതിനുള്ള ചെലവ് കണ്ടെത്താനാണ് ഫീസ് ഏർപ്പെടുത്തുന്നത്.

വാഹനങ്ങളുടെ വലുപ്പം അനുസരിച്ചായിരിക്കും പ്രവേശന നിരക്ക് നിശ്ചയിക്കുകയെന്ന് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു. ഫീസിനൊപ്പം സഞ്ചാരികൾക്ക് മാലിന്യം ശേഖരിക്കാനായി പ്രത്യേക സഞ്ചികളും അധികൃതർ നൽകും.

തിരികെ വരുമ്പോൾ തരംതിരിച്ച മാലിന്യം ചെക്പോസ്റ്റുകളിൽ തന്നെ കൈമാറാൻ സൗകര്യമുണ്ടാകും. നിലവിൽ കാന്തല്ലൂർ പഞ്ചായത്തിൽ സമാനമായ രീതിയിൽ വാഹനങ്ങളിൽ നിന്ന് പ്രവേശന ഫീസ് ഈടാക്കുന്നുണ്ട്. പ്രതിദിനം അയ്യായിരത്തോളം വാഹനങ്ങളെത്തുന്ന മൂന്നാറിൽ, പുതിയ നീക്കം വലിയ വരുമാനമുണ്ടാക്കുമെന്നാണ് പഞ്ചായത്തിന്റെ പ്രതീക്ഷ.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് മോഹൻ ബഗാൻ സൂപ്പർ ജയന്റ്, ഇന്റർകാശിയെ നേരിടും. വൈകിട്ട് ഏഴരക്ക് കൊൽക്കത്തയിലാണ് മത്സരം.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, സൺ റൈസേഴ്സ് ഹൈദരാബാദിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് അഹമ്മദാബാദിലാണ് മത്സരം.

✪✪✪

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. തെക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദം കൂടുതൽ ശക്തിപ്പെടാൻ സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ലക്ഷദ്വീപിനും കേരള തീരത്തിനും സമീപത്തായി ചക്രവാതച്ചുഴി നിലനിൽക്കുന്നതിനാൽ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് വ്യക്തമാക്കി.

✪✪✪

*News Editor & News Reader: : വി കെ സുരേഷ്*
*News Team: അനിൽ ചന്ദ്രൻ, രജിന കെ, പ്രവീൺ*
*DEO: സി കെ സുബോധ്*